പ്ലാച്ചിമടയിലെ പ്രകൃതിക്കും മനുഷ്യനും ഉണ്ടായ കഷ്ട നഷ്ടങ്ങൾ രൂപാക്കണക്കിന് വിലയിരുത്തിയതൊഴിച്ചാൽ പ്ലാച്ചിമട സമരവുമായി ബന്ധപ്പെട്ടവർക്കും അതിന്റെ ഗതിവിഗതികൾ ശ്രദ്ധിച്ചവർക്കും ഏറെയൊന്നും ഉന്നതാധികാരസമിതിയുടെ റിപ്പോർട്ടിൽ ഇല്ല എന്ന ലേഖകൻ വിലയിരുത്തുന്നു.

# പ്ലാച്ചിമട നിവാസികൾക്ക് 216 കടലാസ് കോടി

പി. എൻ വേണുഗോപാൽ



ലോകമാകെ വ്യാപിച്ചു കിടക്കുന്ന കൊക്കൊ കോളാ സാമ്രാജ്യം മനുഷ്യനും പ്രകൃതിക്കും കണക്കാക്കപ്പെടാവുന്നതിനുമപ്പുറം ഹാനികരമായി പ്രവർത്തിച്ചുവെന്ന് ഔദ്യോഗികമായ സ്ഥിരീകരണം ലഭിക്കുന്നത് അഭൂതപൂർവമായ ഒരു സംഗതിയാണ്. ആ നിലയ്ക്ക് പ്ലാച്ചിമടയിൽ കൊക്കൊ കോളാ കമ്പിനി വരുത്തിവെച്ച നാശനഷ്ടങ്ങളെക്കുറിച്ച് പഠിക്കാനായി കേരള സർക്കാർ നിയോഗിച്ച ഹൈ പവർ കമ്മറ്റിയുടെ റിപ്പോർട്ട് തികച്ചും സ്വാഗതാർഹമാണ് . എന്നാൽ എന്തിനെയും ഏതിനെയും സംശയദൃഷ്ട്യാ കാണുകയും വിശകലനം ചെയ്ത് വിമർശിക്കുകയും മലയാളിയുടെ സ്വഭാവമാണെന്ന ആരോപണം വ്യാപകമായി ഉയരുന്ന ഈ കാലത്ത് ഹൈ പവർ കമ്മറ്റിയുടെ കണ്ടെത്തലുകളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ ആരും ഇതുവരെയും തുനിഞ്ഞില്ല എന്നത് അത്ഭുതമാണ്.

പ്ലാച്ചിമടയിലെ പ്രകൃതിക്കും മനുഷ്യനും ഉണ്ടായ കഷ്ടനഷ്ടങ്ങൾ രൂപാ കണക്കിൽ വിലയിരുത്തിയിരിക്കുന്നു എന്നതൊഴിച്ചാൽ പ്ലാച്ചിമട സമരവുമായി ബന്ധപ്പെട്ടവർക്കും അതിന്റെ ഗതിവിഗതികൾ ശ്രദ്ധിച്ചിരുന്നവർക്കും പുതുതായി ഏറെയൊന്നുമില്ല ഈ റിപ്പോർട്ടിൽ എന്നതാവാം ഒരു കാരണം. പ്ലാച്ചിമട നിവാസികളുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി കൊക്കൊ കോളാ കമ്പിനിയെ സഹായിക്കുന്നതരം വിമർശനങ്ങൾ ഒഴിവക്കുന്നതാവും ഉത്തമം എന്ന തോന്നലും മറ്റൊരു കാരണമാവാം. ഇതിൽ കഴമ്പുണ്ടെന്നു തോന്നുന്നില്ല. രാജ്യത്തെ കൂർമബുദ്ധികളെത്തന്നെ തങ്ങൾക്കുവേണ്ടി പ്രവർത്തിക്കാനും വാദിക്കാനുമായി ഏർപ്പെടുത്താൻ അവർക്കു കഴിയുമെന്ന് മനസിലാക്കാൻ വർഷങ്ങൾക്കു മുമ്പ് ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് C.W.R.D.M. രൂപീകരിച്ച വിദഗ്ദ്ധ കമ്മറ്റിയിലെ കൊക്കൊ കോളയുടെ നോമിനികൾ ആരൊക്കെയായിരുന്നു എന്ന് ഓർത്താൽ മതി. ഇങ്ങനെയൊരു അവസ്ഥയിൽ ഹൈ പവർ കമ്മറ്റിയുടെ രൂപീകരണവും അവരുടെ റിപ്പോർട്ടും വിശകലന വിധേയമാക്കാതിരിക്കുക അസംബന്ധമാണ്.

**കമ്മറ്റി**

'പ്ലാച്ചിമടയിലെ കൊക്കൊ കോള കമ്പിനിയുടെ പ്രവർത്തനം മൂലമുണ്ടായ നഷ്ടത്തിന്റെ തോതും സ്വഭാവവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ്' ഉന്നതാധികാര സമതിയെ നിയോഗിക്കാൻ സർക്കാർ ഉത്തരവായത്. അടിസ്ഥാൻപരമായ ഒരു പാളിച്ച ഇവിടെത്തന്നെ സംഭവിച്ചിരിക്കുന്നു. കൊക്കൊ കോളയുടെ പ്രവർത്തനം മൂലം നഷ്ടമുണ്ടായോ എന്ന പ്രാഥമിക ചോദ്യം ഉന്നയിക്കുന്നതിനു മുമ്പു തന്നെ അതിന്റെ തോതും സ്വഭാവവും നിർണ്ണയിക്കാൻ ആവശ്യപ്പെട്ടിരിക്കികയാണ്. കമ്പിനിയുടെ പ്രവർത്തനം നിമിത്തം കഷ്ടനഷ്ടങ്ങളുണ്ടായി എന്ന് കാര്യകാരണസഹിതം, അസന്നിഗ്ദ്ധമാം വിധം ഇതിനുമുമ്പു തന്നെ ഔദ്യോഗികമായ ഒരു നിഗമനത്തിൽ എത്തിച്ചേർന്നിരുന്നെങ്കിൽ ഈ ഉത്തരവ് അതിന്റെ സ്വാഭാവികമായ തുടർച്ചയാകുമായിരുന്നു. അങ്ങനെയൊന്നും തന്നെ സർക്കാരിന്റെ ഭാ

## കോളയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ വിദഗ്ദ്ധ സമിതി ശുപാർശ

പ്ലാച്ചിമടയിലെ വർൾച്ചാ ബാധിത പ്രദേശത്ത് പ്രവർത്തിക്കുന്ന കൊക്കകോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പ്രവർത്തനം മൂലമുണ്ടായ നാശനഷ്ടങ്ങളുടെ അളവും സ്വഭാവവും വിലയിരുത്തുന്നതിനായി നിയോഗിച്ച 14 അംഗ വിദഗ്ധസമിതിയാണ് 216.26 കോടി രൂപ നഷ്ടപരിഹാരത്തിന് ശിപാർശ ചെയ്തിരിക്കുന്നത്. 2009 മെയ് 23 ന് സർക്കാർ നിയോഗിച്ച സമിതി പ്ലാച്ചിമടയിൽ പൊതു തെളിവെടുപ്പും ഏഴു സിറ്റിംഗുകളും നടത്തി. പെരുമാട്ടി പഞ്ചായത്തിനുണ്ടായ കാർഷിക നാശം, ആരോഗ്യ പ്രശ്നങ്ങൾ, വരുമാന-വിദ്യാഭ്യാസ- അവസര നഷ്ടങ്ങൾ, ജലസ്രോതസ്സുകളുടെ മലിനീകരണം എന്നിവയ്ക്കെല്ലാം കൊക്കകോള കമ്പനി ഉത്തരവാദിയാണെന്ന നിഗമനത്തിൽ എത്തിച്ചേർന്ന സമിതി ദുരന്തബാധിതരായ ജനങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ കമ്പനി ബാധ്യസ്ഥരാണെന്ന റിപ്പോർട്ടിൽ പറയുന്നു. നിലവിലുള്ള നിയമവ്യവസ്ഥകൾ പ്രകാരം കമ്പനി കുറ്റക്കാരാണെങ്കിലും ജനങ്ങൾക്ക് വേഗത്തിൽ നീതി ലഭിക്കാൻ രണ്ടു ശിപാർശകളാണ് സമിതി മുന്നോട്ടുവെച്ചിരിക്കുന്നത്.

1. കമ്പനിയുടെ സമീപപ്രദേശത്തെ ഉപരിതല-ഭൂഗർഭജലം ഊറ്റിയെടുത്തതിനും മലിനപ്പെടുത്തിയതിനും തുടർന്നുണ്ടായ നിരവധി പ്രശ്നങ്ങളിലുമുള്ള തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കാനും ക്ലെയിംസ് ട്രിബ്യൂണൽ രൂപീകരിക്കാനുള്ള നിയമനിർമാണം നടത്തണം.
2. പരിസ്ഥിതി സംരക്ഷണനിയമം, 1986ലെ 3(3) വകുപ്പ് പ്രകാരം പരിസ്ഥിതി മലിനീകരണവ്യവസായങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതോറിറ്റി രൂപീകരിക്കാൻ കേന്ദ്രസർക്കാരിനെ സമീപിക്കണം.

ഗത്തുനിന്ന് ഒരിക്കലും ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെയാണ് കേവലം 'അഭ്യൂഹങ്ങളുടെ' അടിസ്ഥാനത്തിലാണ് ഈ കമ്മറ്റി രൂപീകരിക്കപ്പെട്ടത് എന്ന് കൊക്കൊ കോളയ്ക്ക് പ്രസ്താവനയിറക്കാൻ കഴിഞ്ഞത്. വരും കാലങ്ങളിൽ അവരുടെ പ്രതിരോധം ഇതിന്റെ ചുവടുപിടിച്ചാവും എന്നതിന്റെ സൂചനയുമുണ്ട്.

പ്ലാച്ചിമടയിൽ കോള കമ്പിനി തുടങ്ങാനും സുഗമമായി പ്രവർത്തിക്കാനുംവേണ്ട അനുമതികൾ നൽകുകയും വേണ്ട സമയത്ത് ഇടപെടാതിരിക്കുകയും ചെയ്ത സർക്കാർ വകുപ്പുകളുടെ തലവന്മാരോ പ്രതിനിധികളോ ആണ് പതിമൂന്നംഗക്കമ്മറ്റിയിലെ ഭൂരിപക്ഷവും. 2002 നവംബറിൽ ഭൂജല വകുപ്പ് സമർപ്പിച്ച ഒരു റിപ്പോർട്ടിൽ 'പ്ലാച്ചിമടയിൽ ജലമലിനീകരണത്തിന്റെ അങ്ങനെയൊന്നു സംഭവിക്കുന്നുണ്ടെങ്കിൽഉത്തരവാദി കൊക്കൊ കോള കമ്പിനിയല്ല' എന്ന് തറപ്പിച്ചു പറയുന്നുണ്ട്. 2003 സെപ്തംബറിൽ കേന്ദ്ര ഭൂജല ബോർഡ് പ്ലാച്ചിമടയിലെ കിണറുകളിലെ ജലവിതാനത്തിൽ കാര്യമായ കുറവു സംഭവിച്ചിട്ടില്ലെന്നും ലയിച്ചു ചേർന്ന മാലിന്യത്തിന്റെ തോത്, ഖരമാലിന്യങ്ങളിലെ ഘനലോഹങ്ങളുടെ തോത് എന്നിവ അനുവദനീയ പരിധിക്കുള്ളിലാണെന്നും സാക്ഷ്യപ്പെടുത്തിയിരുന്നു. സ്വയം പ്രതിരോധത്തിനായി ഈ രണ്ടു രേഖകളും കൊക്കൊ കോള കമ്പിനി ഉപയോഗിക്കുകയും ചെയ്തിരുന്നു. ഭൂജല വകുപ്പിന്റെ മേധാവി കമ്മിറ്റിയുടെ കൺവീനറും കേന്ദ്ര ഭൂജല ബോർഡിന്റെ റീജിയണൽ ഡയറക്ടർ അംഗവുമാണ്. ഈ വകുപ്പുകളേക്കാളും നിർണായക പങ്കു വഹിച്ച സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ (പി സി ബി) തലവനും കമ്മറ്റിയിലെ മറ്റൊരു പ്രമാണിയാണ് എന്നത് ഏറെ വിചിത്രം.

**പി സി ബി**

2000 ൽ എട്ടു ലക്ഷം ലിറ്റർ വരെ മലിനജലം 'ജലസേചനത്തിനായി' ഭൂമിയിലേയ്ക്ക് ഒഴുക്കാൻ അനുമതി നൽകിയ പി സി ബി ഈ ജലത്തിൽ ലയിച്ചു ചേർന്ന മാലിന്യങ്ങൾക്കു പരിധിയും നിശ്ചയിക്കുന്നു. ഈരണ്ടു മാസം കൂടുമ്പോൾ റിപോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. അവിടെ യഥാർഥത്തിൽ എന്തു നടക്കുന്നു എന്ന് അറിയാതെ, അല്ലെങ്കിൽ അറിഞ്ഞില്ലെന്നു നടിച്ച്, ദ്വൈമാസ റിപ്പോർട്ടുകൾ ശരിയോ എന്നു പരിശോധിക്കാതെ, അല്ലെങ്കിൽ പരിശോധിച്ചിട്ടും കണ്ടില്ലെന്നു നടിച്ച് 2002 ൽ 31.12.2004 വരെ മലിനജലം ഒഴുക്കാനുള്ള അനുമതി പുതുക്കി നൽകുന്നു. കമ്പിനിയുടെ പ്രവർത്തനം നിലച്ച് ഏഴു മാസത്തിനു ശേഷം മാത്രം, അതും സുപ്രീം കോർട്ട് മോണിട്ടറിങ് കമ്മറ്റിയുടെ നിർദ്ദേശം പാലിക്കാതിരിക്കാൻ നിർവാഹമില്ലാതെ വന്നപ്പോൾ മാത്രമാണ് മലിനജലം ശുദ്ധീകരിക്കാൻ റിവേഴ്സ് ഓസ്മോസിസ് പ്രക്രിയ സ്വീകരിക്കണമെന്ന് കമ്പിനിയോട് ആവശ്യപ്പെടുന്നത്. ഖരമാലിന്യ നാടകം അരങ്ങേറുന്നത് 2003 ൽ ആണ്. കോള കമ്പിനിയുടെ ഖരമാലിന്യങ്ങൾ വിഷലിപ്തമാണെന്ന് പി സി ബി യുടെ ചെയർമാൻ റിപ്പോർട്ട് നൽകുന്നു, തൊട്ടു പുറകെ മെംബെർ സെക്രട്ടറി അങ്ങനെയല്ലെന്നു പഠനം നടത്തി ഘോഷിക്കുന്നു. ബി ബി സിയും തുടർന്ന് കേന്ദ്ര പി സി ബി യും അനുവദനീയമായ അളവിലും അഞ്ചിരട്ടി ഘനലോഹങ്ങൾ ഖരമാലിന്യങ്ങളിലുണ്ടെന്ന് സ്ഥിരീകരിച്ചതിനു ശേഷം മാത്രമാണ് 2004 ൽ വളമായി നൽകിയ ഖരമാലിന്യങ്ങൾ തിരിച്ചെടുത്ത് കമ്പിനി വളപ്പിൽ സുരക്ഷിത ലാൻഡ് ഫില്ലിൽ സൂക്ഷിക്കണമെന്ന് നമ്മുടെ പി സി ബി കമ്പിനിയോട് ആവശ്യപ്പെടുന്നത്. ഹൈ പവർ കമ്മറ്റി നിലവിൽ വന്ന്, നിൽക്കകള്ളിയില്ലാതായപ്പോൾ മാത്രമാണ്, കമ്പിനി പ്രവർത്തിക്കാത്ത അവസ്തയിൽ, ഖരമാലിന്യങ്ങൾ സൂക്ഷിക്കാൻ ആരുമില്ലെന്നും, മഴയിൽ അവ ഒലിച്ച് വെള്ളത്തിൽ ലയിക്കുമെന്നും അതിനാൽ ഉടൻ തന്നെ 60 ടണ്ണോളമുള്ള ആ വിഷക്കൂമ്പാരം കൊച്ചിയിൽ അമ്പലമേട്ടിലെ റ്റി എസ് ഡി എഫിൽ

കൊണ്ടു നിക്ഷേപിക്കണമെന്നും 2010 ജനുവരിയിൽ പി സി ബി സടകുട ഞ്ഞെണീക്കുന്നത്.

**കൂട്ടുപ്രതിയാവേണ്ട പി സി ബി എങ്ങനെ ന്യായാധിപനായി?**

**ഒരു കളങ്കം**

അനേകം പരിമിതികൾക്കുള്ളിൽ നിന്ന് സത്യസന്ധമായ ഒരു റിപ്പോർട്ട് സമർപ്പിച്ച ഹൈ പവർ കമ്മിറ്റിയുടെ മേലുള്ള ഒരു കളങ്കമാണ് അവർ പി സി ബി യെ സരക്ഷിക്കാൻ ശ്രമിച്ചത്.റിവേഴ്സ് ഓസ്മോസിസ് പ്രാവർത്തികമാക്കണമെന്ന് പി സി ബി ആവശ്യപ്പെട്ടപ്പോൾ കോള കമ്പിനി മറുപടിയെഴുതി, എന്തിന്?, ഞങ്ങളുടെ മാലിന്യ വെള്ളത്തിൽ അപകടമൊന്നുമില്ല, ആ വെള്ളം കൊണ്ടു നനയ്ക്കുന്ന ഞങ്ങളുടെ പൂന്തൊട്ടത്തിന് ഏറ്റവും നല്ല തോട്ടത്തിനുള്ള അവാർഡ് നൽകി പാലക്കാട് അഗ്രി ഹോർട്ടി സൊസൈറ്റി, ആ മാലിന്യ വെള്ളക്കുളത്തിൽ ഞങ്ങൾ മത്സ്യക്കൃഷിചെയ്യുന്നു, ഇതൊന്നും പോരെങ്കിൽ സാറമ്മാരേ, കമ്പനി പൂട്ടിയിട്ട് മാസങ്ങളായി, ഇനി റിവേഴ്സ് നും ഓസ്മോസിസിനും എന്തു പ്രസക്തി? ഇതൊന്നും അറിയാത്തവരവില്ല ഹൈ പവർ കമ്മിറ്റി. എന്നാൽ റിവേഴ്സ് ഓസ്മോസിസ് പ്രാവർത്തികമാക്കണമെന്ന് പി സി ബി ആവശ്യപ്പെട്ടിട്ടും അതു ചെയ്തില്ല കമ്പിനി എന്ന് ആരോപിക്കുന്നു കമ്മിറ്റി. എന്നാണ് ഇങ്ങനെ ആവശ്യപ്പെട്ടതെന്നുമാത്രം റിപ്പോർട്ട് പറയുന്നില്ല. മറ്റു കാര്യങ്ങൾ അറിയാത്ത ഒരാൾ വായിച്ചാൽ പി സി ബി ഇങ്ങനെയൊരുകാര്യം ആദ്യം തന്നെ ഉന്നയിച്ചിട്ടുണ്ടാവുമെന്നു തോന്നും. എന്നാൽ W/09/137/2000 പ്രകാരം കൊക്കൊ കോള കമ്പിനിക്ക് ജലവിനിയോഗ സമ്മതപത്രം നൽകുമ്പോൾ ഇങ്ങനെ ഒരു നിബന്ധനയും പി സി ബി വച്ചിരുന്നില്ല എന്നതാണു വാസ്തവം.

**നഷ്ടപരിഹാരം**

ഇനി നമുക്ക് 216.26 എന്ന നഷ്ടപരിഹാരത്തുകയിലേക്കു വരാം. പ്ലാച്ചിമട വാട്ടർഷെഡിലെ നാലിലൊന്ന് ജലം മലിനമാക്കപ്പെട്ടുവെന്നും ഒരു ലിറ്റർ വെള്ളത്തിന് 80 പൈസ നിരക്കിൽ ശുദ്ധജലം മലിനമാക്കിയതിന് , പൂർവാവസ്ഥ പ്രാപിക്കാൻ 25 വർ

## പ്ലാച്ചിമടയിൽ സമിതി കണക്കാക്കിയ നഷ്ടം

| | |
|---|---|
| 1 കാർഷിക നഷ്ടം | - 84.16 കോടി |
| 2 ആരോഗ്യനഷ്ടം | - 30 കോടി |
| 3 കുടിവെള്ളം ലഭ്യമാക്കുന്നതിന് | - 20 കോടി |
| 4 വേതന നഷ്ടങ്ങളും അവസരനഷ്ടങ്ങളും | - 20 കോടി |
| 5 ജലവിഭവമലിനീകരണത്തിന്റെ വില | - 62.10 കോടി |
| **ആകെ** | **- 216.26 കോടി** |

ഷമെടുക്കും എന്നതു കൂടി കണക്കിലെടുത്ത് 62.10 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരിക്കുന്നത്. ഈ തുക കൊക്കൊ കോള കമ്പിനിയിൽ നിന്ന് ഈടാക്കാൻ കഴിഞ്ഞാൽത്തന്നെ ഇതാർക്കു ലഭിക്കും? നഷ്ടപരിഹാരമെല്ലാം വ്യക്തിപരമായി ട്രിബ്യൂണലിനു മുമ്പാകെ ക്ലെയിം നൽകി വസൂലാക്കണമെന്നാണ് കമ്മറ്റി ശുപാർശ ചെയ്തിട്ടുള്ളത്.വ്യക്തതയില്ലാത്ത ഒരു നിർദ്ദേശമാണിത്.

ജലദൗർലഭ്യം മൂലം കിലോമീറ്ററുകൾ താണ്ടി വെള്ളം കൊണ്ടുവരേണ്ടി വന്ന സ്ത്രീകളുടെ പരിതാപകരമായ അവസ്ഥ പരിഗണിച്ച കമ്മറ്റി തന്മൂലം അവർക്കുണ്ടായ തൊഴിൽ നഷ്ടത്തെയും വരുമാന നഷ്ടത്തെയും പറ്റി വാചാലമാവുന്നു. ഇതുമൂലമുണ്ടായ സാമ്പത്തിക, ആരോഗ്യ പ്രശ്നങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ ബാധിച്ചു. ഈ രണ്ടു കണക്കിലുമായി 30 കോടി രൂപയുടെ നഷ്ടമാണ് കമ്മറ്റി വിലയിരുത്തിയിരിക്കുന്നത്. അതാത് വ്യക്തികൾ അല്ലെങ്കിൽ കുടുംബങ്ങളാണ് ക്ലെയിം നൽകേണ്ടത്. വർഷങ്ങൾക്കുമുമ്പ്, വർഷങ്ങളോളം തങ്ങൾ വെള്ളവും ചുമ്മി കാതങ്ങൾ താണ്ടിയെന്ന് പ്ലാച്ചിമടയിലെ സ്ത്രീകൾ എങ്ങനെയാണാവോ ട്രിബ്യൂണലിനെ ബോധ്യപ്പെടുത്തുക?

യുക്തിഭദ്രമായ യാതൊരു വാദങ്ങളും നിരത്താതെ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിച്ചതിന് കൊട്ടത്താപ്പായി 30 കോടിയാണ് നഷ്ടപരിഹാരമായി കമ്മറ്റി നിർദ്ദേശിച്ചിട്ടുള്ളത്. 2003 ൽ മൂന്നു ഡോക്ടർമാർ ചേർന്നു നടത്തിയ ഒരു സർവേയും നവജാതശിശുക്കളുടെ കുറഞ്ഞ തൂക്കത്തെപ്പറ്റി വി റ്റി പദ്മനാഭന്റെ നേതൃത്ത്വത്തിൽ നടത്തിയ ഒരു പഠനവും മാത്രമേ കമ്മറ്റിക്ക് തങ്ങളുടെ നിഗമനങ്ങൾക്ക് ഉപോൽബലകമായി ചൂണ്ടിക്കാണിക്കാനുള്ളു. എന്നാൽ പോലും 30 കോടിയെന്ന് വെറുതെയങ്ങു പറയുന്നത് കടുപ്പം തന്നെ. എന്തുകൊണ്ട് അത് 20 കോടിയോ 50 കോടിയോ ആയിക്കൂടാ? മുടികൊഴിഞ്ഞവരും പനിയും ചുമയും വയറുവേദനയും വന്നവരും ഏതു മെഡിക്കൽ സർട്ടിഫിക്കെറ്റ് കാണിച്ച് നഷ്ടപരിഹാരം വാങ്ങാൻ? 2002 04 ൽ കിഡ്നി, ഹൃദയ സംബന്ധമായ അസുഖങ്ങൾ മൂലം 17 പേർ മരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് പറയുന്നു. ഇവയിൽ ഒന്നിൽ പോലും പോസ്റ്റ് മോർട്ടം നടന്നതായി അറിവില്ല. പിന്നെ എങ്ങനെയാണ് ഈ മരണങ്ങളെ കൊക്കൊ കോളയുമായി ബന്ധിപ്പിക്കുക?

തങ്ങളുടെ വാദങ്ങൾ തെളിയിക്കപ്പെടവുന്നതാണെന്ന ആത്മവിശ്വാസം ഉണ്ടായിരുന്നെങ്കിൽ എന്തുകൊണ്ട് പ്ലാച്ചിമട നിവാസികൾക്കു വേണ്ടി സർക്കാർ നേരിട്ട്,അല്ലെങ്കിൽ സർക്കാരിന്റെ ഏതെങ്കിലും ഏജൻസി കൊക്കൊ കോളയുമായി കേസ് പറഞ്ഞ് നഷ്ടപരിഹാരം വാങ്ങണമെന്ന് കമ്മറ്റി ശുപാർശ ചെയ്തില്ല? തെളിവുകൾ നിരത്തി സ്വന്തം ഭാഗം വാദിച്ചു ജയിക്കേണ്ട ബാധ്യത എല്ലാംകൊണ്ടും ദുർബലരായ പ്ലാച്ചിമട നിവാസികളുടെ മേൽ എന്തിനു കെട്ടിവച്ചു?

ദേശീയ, അന്തർദേശീയ മാധ്യമ ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നായിരുന്നു ഹൈ പവർ കമ്മറ്റിയുടെ റിപ്പോർട്ട്. കൊക്കൊ കോളയ്ക്കെതിരെ ഒരു പോയിന്റ് 'സ്കോർ' ചെയ്തു എന്നതും ശരി തന്നെ. അതിനപ്പുറം?

**(ക്വസ്റ്റ് ഫീച്ചേഴ്സ്)**